**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **29-01-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിക്കാൻ സർക്കാർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് സമിതിയിൽ അംഗങ്ങളായിട്ടുള്ളതെന്നും സമിതിയെ നിയോഗിച്ചത് ഏതു സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) | സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിക്കുന്നതിനും, സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023 -ലെ സ.ഉ.(സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനുമായ ഡോ. രവിരാമൻ അധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പ സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനു കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും, സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (സി) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധനവ് ഉണ്ടാകില്ലെന്ന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | (എ) പിരിവിൽ കാണാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സപ്ലൈകോയ്ക്ക് സർക്കാർ നൽകുവാനുള്ള കുടിശ്ശിക തുക എത്രയാണ്; ഏത് വർഷം മുതലുള്ള തുകയാണ് കുടിശ്ശികയായിട്ടുള്ളത്; സപ്ലൈകോയ്ക്ക് ആവശ്യമായ സഹായം സർക്കാർ യഥാസമയം നൽകാത്തതാണ് സപ്ലൈകോയുടെ വിപണി ഇടപെടലിന് വിഘാതം സൃഷ്ടിച്ചത് എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്ന് 2010-11 സാമ്പത്തിക വർഷം മുതൽ 2023-ആഗസ്റ്റ് വരെ ലഭിക്കാനുള്ള കുടിശ്ശിക 1507.71 കോടി രൂപയാണ്. സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട കുടിശ്ശിക തുക സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായ മുറയ്ക്ക് നൽകി വരുന്നതും, ഇനിയും കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകുന്നതുമാണ്. അതിനാൽ ഫണ്ടിന്റെ അപര്യാപ്തത സപ്ലൈകോയുടെ വിപണിയിടപെടലിന് വിഘാതം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ